പത്രക്കുറിപ്പ്

# നഗരത്തിലെ തമ്പാനൂർ, കേശവദാസപുരം, വെങ്ങാനൂർ വാർഡുകളിലെ പുതിയ കണ്ടയിൻമെന്റ് സോണുകളായ ഭാഗങ്ങൾ അടച്ചു.

## ഓണം: ചാല, കിഴക്കേക്കോട്ട ഭാഗങ്ങളിൽ കൂടുതൽ സി സി റ്റി വി ക്യാമറകൾ സ്ഥാപിച്ചു.

### വിലക്ക് ലംഘനം: 19 പേർക്കെതിരെ കേസ്. മാസ്ക് ധരിക്കാത്ത 129 പേർക്കെതിരെയും സാമൂഹിക അകലം പാലിക്കാത്ത 22 പേർക്കെതിരെയും നടപടി. 30,200/- രൂപ പിഴ ഈടാക്കി.

തിരുവനന്തപുരം:- തലസ്ഥാനത്ത് പുതുതായി കണ്ടയിൻമെന്റ് സോണുകളായി പ്രഖ്യാപിച്ച തമ്പാനൂർ വാർഡിലെ രാജാജി നഗർ, കേശവദാസപുരം വാർഡിലെ ലക്ഷ്മി നഗർ, ചൈതന്യ നഗർ, വെങ്ങാനൂർ വാർഡിന്റെ (നെല്ലിവിള, ചരുവിള, പഴവിള, ഞാറവിള ഒഴികെ) ഭാഗങ്ങൾ അടച്ചു അവിടേക്ക് കടന്നുവരുന്ന റോഡുകൾ പോലീസ് ബാരിക്കേഡ് വച്ച് അടച്ച് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. അതേസമയം സിറ്റി പോലീസ് ഇന്നലെ (27.08.2020) നടത്തിയ പരിശോധനയിൽ വിലക്ക് ലംഘനം നടത്തിയ 19 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ് പ്രകാരം കേസെടുത്തു. മാസ്ക് ധരിക്കാത്ത 129 പേരിൽ നിന്നും, സാമൂഹിക അകലം പാലിക്കാത്ത 22 പേരിൽ നിന്നുമായി 30,200/- രൂപ പിഴ ഈടാക്കുകയും ചെയ്തു.